A

# സമഗ്ര ശിക്ഷാ കേരളം
# ആത്യന്തികവിലയിരുത്തൽ II 2025-26

1002

## മലയാളം
## കേരളപാഠാവലി

ക്ലാസ് : X

സമയം : 1 ½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദേശങ്ങൾ:**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
  A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.** **(1 സ്കോർ വീതം)**
**(4 x 1 = 4)**

1. "മന്നവ! കേൾക്ക ഭരദ്വാജനന്ദന-
   നിന്നുള്ള യോദ്ധാക്കളിൽ പ്രബലാധിപൻ"
   (കഥകളതിമോഹനം)

   ഭരദ്വാജനന്ദനൻ ആരാണ് ?

   A. സുയോധനൻ
   B. ഭീഷ്മർ
   C. ദ്രോണർ
   D. കർണ്ണൻ

2. "നിങ്ങൾ ഒരു രാക്ഷസനാണോ?"
   (മണ്ണും മനുഷ്യനും)

   അയൽക്കാരനോടുള്ള കഥാകാരന്റെ ഈ ചോദ്യത്തിൽ പ്രകടമാകുന്നത് എന്ത്?

   A. മരം മുറിച്ചതിലുള്ള ദേഷ്യം
   B. ബംഗ്ലാവ് പണിതതിലുള്ള അസൂയ
   C. അയൽക്കാരനോടുള്ള അകൽച്ച
   D. തന്നോട് സംസാരിക്കാത്തതിലുള്ള അനിഷ്ടം

3. ചുവടെ ചേർത്തെഴുതിയ പദങ്ങളിൽ വ്യത്യസ്തമായത് ഏത്?

   A. നുറുക്കി, ഇടുക - നുറുക്കിയിടുക
   B. മുഖത്ത്, എറിഞ്ഞു - മുഖത്തെറിഞ്ഞു
   C. പ്രധാനമന്ത്രി, ആയി - പ്രധാനമന്ത്രിയായി
   D. സ്വാമി, ഉടെ - സ്വാമിയുടെ

(മറുപുറം)

4. "പിതാവിന്റെ ജന്മദേശത്തെക്കുറിച്ചുള്ള വർണ്ണനകൾ നരേന്ദ്രന്റെ ഉള്ളിൽ പതിഞ്ഞുകിടന്നു."

(മുരിങ്ങാമരത്തോപ്പ്)

പിതാവിന്റെ ജന്മദേശം നരേന്ദ്രന്റെയുള്ളിൽ പതിയാനുള്ള കാരണങ്ങളിൽ ശരിയായത് ഏത് ?

(I) അമ്മയുടെ വർണ്ണനകൾ അത്രയ്ക്ക് ഹൃദ്യമായിരുന്നു.

(II) അച്ഛന്റെ ദേശം നരേന്ദ്രൻ കുട്ടിക്കാലത്ത് സന്ദർശിച്ചിരുന്നു.

A. (I) മാത്രം ശരി

B. (I) ഉം (II) ഉം ശരി

C. (II) മാത്രം ശരി

D. (I) ഉം (II) ഉം തെറ്റ്

5, 6 ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം)

(2x2=4)

5. 'സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ' എന്ന ശീർഷകം കാവ്യഭാഗത്തിന് എത്രമാത്രം യോജിക്കുന്നുണ്ട്? വ്യക്തമാക്കുക.

6. (A) • നരേന്ദ്രൻ ആ മനുഷ്യനെ നാളിതുവരെ കാണാത്ത മട്ടിൽ തുറിച്ചുനോക്കി.

• നാളിതുവരെ കാണാത്ത മട്ടിലായിരുന്നു ആ മനുഷ്യന്റെ തുറിച്ചുനോട്ടം.

അടിവരയിട്ട പദങ്ങൾ തമ്മിലുള്ള ബന്ധവും ഭാഷാപരമായ പ്രത്യേകതകളും കുറിക്കുക.

അല്ലെങ്കിൽ

(B) • "മാഷേ, എത്ര സെന്റ് വരും?"

• "നിങ്ങൾ ആകെ എത്ര ജീബി?"

(ബത്തേരിക്കടുത്ത് മലങ്കരയിൽ)

നമ്മുടെ കാഴ്ചപ്പാടിൽവന്ന മാറ്റങ്ങൾ ഈ വരികളിൽ പ്രതിഫലിക്കുന്നതെങ്ങനെ?

7 മുതൽ 11വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)

(5 x 5 = 25)

7. "ഏതാണ് എന്റെ ദേശം? പെറ്റുവളർന്ന ബർമയിലെ ബില്ലീൻ എന്ന ഗ്രാമമോ? ഞാനെന്ന സ്വത്വത്തിന് മേൽവിലാസവും പെരുമയും കനിഞ്ഞ് സമ്മാനിച്ച എന്റെ വാർധക്യത്തിന് ശയ്യയൊരുക്കിയ തൃക്കോട്ടൂരംശം പാലൂരുദേശമോ?"

(യു എ ഖാദർ)

സ്വന്തം ദേശം ഏതാണെന്ന് തീർത്തുപറയാനാകാതെ എഴുത്തുകാരൻ ഉഴലുന്നത് എന്തുകൊണ്ടാകും? നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക.

8. "മുറ്റത്തെ വെള്ളത്തൊട്ടിയിൽ വീണുകിടക്കുന്ന അമ്പിളിമാമന്റെ പ്രതിബിംബം കൈക്കുമ്പിളിൽ കോരിയെടുക്കാൻ ആയുന്നു യൂസഫ്. അത് സാധ്യമല്ലെന്ന് മനസ്സിലാക്കിയപ്പോൾ തല കുമ്പിട്ട് വെള്ളത്തിലെ അമ്പിളിമാമനെ മുത്തമിടുകയാണവൻ."

(തേൻ)

തന്നിരിക്കുന്ന വാക്യങ്ങളിൽ തെളിയുന്ന യൂസഫിന്റെ മാനസികാവസ്ഥയും പാഠത്തിലെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് 'യൂസഫ്' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

9. • "പതിറ്റാണ്ടുകൾ കഴിഞ്ഞു
തെക്കൻ നീരിലൂരുറച്ചു
എന്നിട്ടുമെഴുതുമ്പോൾ
ഓർമ്മയിൽ പരതുമ്പോൾ
ആലപ്പുഴനിറക്കാരി
ആലപ്പുഴമുടിക്കാരി
ജലമെന്നോ വെള്ളമെന്നോ
തിരിയാതെ തിരിയുന്നു." (ആലപ്പുഴവെള്ളം)

• 'ആലപ്പുഴവെള്ളം' എന്ന കവിത ദേശാനുഭവം മാത്രമല്ല; സ്ത്രീയനുഭവം കൂടിയാണ്. തന്നിരിക്കുന്ന വരികളും കവിതയിലെ മറ്റു സൂചകങ്ങളും പരിഗണിച്ച് മുകളിൽ നൽകിയ പ്രസ്താവനയോട് പ്രതികരിക്കുക.

10. • പൊതുവെ നമ്മുടെ ആവശ്യത്തിനോ കഴിവിനോ അനുസരിച്ചല്ല, മറ്റുള്ളവരെ കാണിക്കാനാണ് മലയാളികൾ വീടുവയ്ക്കുന്നത്. "
(മുരളി തുമ്മാരുകുടി)

• "അത് ഒരു വീടായിരുന്നില്ല. വലിയ ഒരു ബംഗ്ലാവ്. അല്ലെങ്കിൽ ഒരു കൊട്ടാരം തന്നെയായിരുന്നു." (മണ്ണും മനുഷ്യനും)

വീട് ആഡംബരത്തിന്റെ പ്രതീകമായി മാറുന്നുണ്ടോ? രണ്ട് നിരീക്ഷണങ്ങളും വർത്തമാനകാല സാഹചര്യങ്ങളും വിമർശനാത്മകമായി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

11. (A) • സന്തോഷത്തിന്റെ ആദ്യ വ്യവസ്ഥകളിൽ ഒന്ന് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം തകർക്കാൻ പാടില്ല എന്നതാണ്." (ലിയോ ടോൾസ്റ്റോയ്)

• "തണുത്ത കാറ്റ് അയാളുടെ നെറുക തലോടി. ഇമകളെയും ചുംബിച്ചു. മുടിയിഴകളെ താരാട്ടി. വെള്ളം ഒരു മടിത്തട്ടാണ്..."
(വെള്ളത്തിന് തെളിയാതിരിക്കാനാവില്ല)

പ്രകൃതി മനുഷ്യന് പകരുന്ന സാന്ത്വനവും സന്തോഷവും ഈ വാകൃങ്ങളിൽ പ്രകടമാകുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) • "നമ്മൾ ജീവിക്കുന്ന പ്രദേശത്ത് നമുക്ക് ചുറ്റുമുള്ള ജനം ഏതു ഭാഷയാണ് സംസാരിക്കുന്നത്, അത് ശുദ്ധമായി സംസാരിക്കുക എന്നതാവും നാം അവർക്ക് നൽകുന്ന ആദരം. ഞാൻ നിങ്ങളെപ്പോലെയല്ല, വ്യത്യസ്തനാണ് എന്നു സ്ഥാപിക്കാൻ വേണ്ടി സംസാരിക്കുന്നത് നമ്മുടെ ഉള്ളിലുള്ള സംസ്കാരശൂന്യതയുടെ അടയാളമാണ്."
(പ്രകാശ് രാജ്)

• "അമ്മ മമ്മിയായന്നേ മരിച്ചു മലയാളം
ഇന്നുള്ളതതിൻ ഡാഡീജഡമാം 'മലയാലം' "
(കുഞ്ഞുണ്ണി മാഷ്)

വൈദേശിക ഭാഷാഭ്രമത്തെക്കുറിച്ചുള്ള രണ്ട് എഴുത്തുകാരുടെയും പ്രതികരണങ്ങൾ താരതമ്യംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (സ്കോർ 7) (1x7=7)

12.(A) "നമ്മുടെ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ മനുഷ്യവംശം ഉയർന്ന സാർവദേശീയമായ ഉത്തരവാദിത്വം വളർത്തിയെടുക്കേണ്ടതുണ്ട്. ഭാവിതലമുറയ്ക്ക് വേണ്ടിയുള്ള കരുതലും പരിസ്ഥിതിയെ ശരിയായ രീതിയിൽ പരിപാലിക്കലും ഈ ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്."

(ദലൈലാമ)

ദലൈലാമയുടെ ഈ കാഴ്ചപ്പാടും 'വെള്ളത്തിന് തെളിയാതിരിക്കാനാവില്ല', 'മണ്ണും മനുഷ്യനും' എന്നീ പാഠങ്ങളിലെ ആശയങ്ങളും പരിഗണിച്ച് 'പ്രകൃതിയെ വരുംതലമുറയ്ക്കായ് കാത്തുവയ്ക്കാം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

അല്ലെങ്കിൽ

(B) ആശയം, ആസ്വാദനാംശങ്ങൾ, കാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

ഒരു പ്രഭാതം

പഞ്ഞിപോൽ നിരന്നുകാണ്മൂ
നീലവിണ്ണിലായ്
കാറ്റിനൊത്തു പാറിടുന്ന
മേഘമാലകൾ
അതിന്റെ വക്കിൽ മിന്നിടുന്നു
വർണ്ണനൂലുകൾ
എത്രയേറെ നിർമ്മലം
പ്രഭാത വിണ്ടലം!

മഞ്ഞണിഞ്ഞ പുല്ലുകളിൽ
കുഞ്ഞുകുഞ്ഞു സൂര്യൻ
ഇമ്പമാർന്നു തുമ്പിവന്നു
കുമ്പിടുന്നു പൂക്കൾ
ചന്തമുള്ള ചേല നെയ്തു
നീർത്തിടുന്നു തീരം
എത്രയേറെ സുന്ദരം
എൻ വസുന്ധര!

(പി. മധുസൂദനൻ)

| |
|---|
| വിണ്ടലം - ആകാശം |
| വസുന്ധര - ഭൂമി |